# നേപ്പാൾ ഡെപ്യൂട്ടി പ്രധാനമന്ത്രിയും & ആഭ്യന്തര വകുപ്പ് മന്ത്രിയുമായി കേന്ദ്ര വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി

മാർച്ച് 16, 2017

നേപ്പാൾ ഡെപ്യൂട്ടി പ്രധാനമന്ത്രിയും & ആഭ്യന്തര വകുപ്പ് മന്ത്രിയുമായ ശ്രീ ബിമലേന്ദ്ര നിധി മാർച്ച് 13-17, 2017 ഇന്ത്യയിൽ സന്ദർശനം നടത്തുന്നു.
.തീവ്രവാദ പ്രതിരോധ സമ്മേളനത്തിന്റെ 2017, (സിടിസി ) മൂന്നാമത് എഡിഷനിൽ പങ്കെടുക്കുന്നതിന് ഇന്ത്യാ ഫൌണ്ടേഷന്റെ ക്ഷണപ്രകാരമാണ് സന്ദർശനം .

സന്ദർശനത്തിന്റെ ഭാഗമായി നേപ്പാൾ ഡെപ്യൂട്ടി പ്രധാനമന്ത്രിയും & ആഭ്യന്തര മന്ത്രിയുമായ ശ്രീ ബിമലേന്ദ്ര കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജുമായി മാർച്ച് 16, 2017നു കൂടിക്കാഴ്ച നടത്തുകയും ഇരു രാജ്യങ്ങൾക്കിടയിലെ ഉന്നത തല വിനിമയങ്ങളും ഉൾപ്പെടെ, പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും ചെയ്തു . ഉഭയകക്ഷി സഹകരണം കൂടുതൽ വൈവിധ്യമുള്ള മേഖലകളിൽ കൂടുതൽ ശക്തമാക്കുന്നതിലും നമ്മുടെ രണ്ടു രാജ്യത്തെയും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന പരമ്പരാഗത ബന്ധുത്വവും സൌഹൃദ ബന്ധങ്ങളും കൂടുതൽ ശക്തമാക്കുവാൻ തങ്ങൾക്കുള്ള പ്രതിബദ്ധത ഇരു രാജ്യങ്ങളും ആവർത്തിച്ചു പറഞ്ഞു .
ഇന്ത്യാ-നേപ്പാൾ അതിർത്തിയിൽ ഉണ്ടായ ഒരു നേപ്പാൾ പൌരന്റെ മരണത്തിൽ കേന്ദ്ര വിദേശകാര്യമന്ത്രി അനുശോചനം രേഖപ്പെടുത്തി . ആ വിഷയത്തിൽ അന്വേഷണം ഇന്ത്യയുടെ ഭാഗത്ത് നിന്നും ത്വരിതപ്പെടുത്തുമെന് അവർ അറിയിച്ചു

നേപ്പാളിലെ വികസനത്തെ കുറിച്ച് നേപ്പാൾ ഡെപ്യൂട്ടി പ്രധാനമന്ത്രിയും & ആഭ്യന്തര മന്ത്രിയുമായ ശ്രീ ബിമലേന്ദ്ര സൂചിപ്പിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്നവരുടെ അഭിലാഷങ്ങൾ കണക്കിലെടുക്കുന്ന തരത്തിൽ ചർച്ചകളിലൂടെ ഭരണഘടനാപരമായ നിർവഹണ പ്രക്രിയയിൽ നേപ്പാൾ ഗവൺമെന്റ് നടപടികളെ ഇന്ത്യ പിന്തുണക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ആവർത്തിച്ചു പറഞ്ഞു

ന്യൂഡെൽഹി

മാർച്ച് 16, 2017